(ഡി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ട്രോളിംഗ് നിരോധനം

106 (1811) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനകാലം പുതുക്കി നടപ്പാക്കി വരുന്നുണ്ടോ ;

(ബി) ട്രോളിംഗ് നിരോധനം എത്ര ദിവസത്തേക്കാണ് നടപ്പാക്കി വരുന്നത് ;

(സി) ടി കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച കേന്ദ്ര ശിപാർശ ലഭിച്ചിട്ടുണ്ടോ ;

(ഡി) ട്രോളിംഗ് ദീർഘിപ്പിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം ; ഇതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അടക്കമുള്ളവർക്ക് ലഭിക്കുന്ന പ്രയോജനം വ്യക്തമാക്കാമോ ;

(ഇ) ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ട്രോളിംഗ് നിരോധനം പതിവുപോലെ ജൂൺ 15 മുതൽ ജൂലൈ 31 വരെയാണ് നടപ്പിലാക്കുന്നത്.

(ബി) കേരളത്തിൽ ട്രോളിംഗ് നിരോധനം 47 ദിവസമാണ് നടപ്പാക്കി വരുന്നത്.

(സി) നിലവിൽ 47 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്ന സംസ്ഥാനങ്ങൾ അടുത്ത 5 വർഷത്തിനകം 61 ദിവസത്തെ മത്സ്യബന്ധന നിരോധനം നടപ്പിലാക്കാൻ പരിശ്രമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കടൽ സുരക്ഷയുമായി ബന്ധപ്പെട്ട കാരണത്താലുമാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. മത്സ്യബന്ധനം ഉപജീവനമാക്കിയ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് 61 ദിവസത്തെ ട്രോളിംഗ് നിരോധനം ദോഷകരമായി ബാധിക്കും. ആയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കരുതെന്ന് ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയും ബഹു. കേരള മുഖ്യമന്ത്രിയും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) ട്രോളിംഗ് നിരോധന കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാമ്പാദ്യസമാശ്വാസ പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നുണ്ട്. 2014-15 കാലയളവിൽ കേന്ദ്രവിഹിതം 600 രൂപയും സംസ്ഥാന വിഹിതം 600 രൂപയും ഗുണഭോക്തൃവിഹിതം 600 രൂപയും കൂടി 1800 രൂപയാണ് വിതരണം ചെയ്തത്. 2015-16 വർഷം ഇത് 2700 രൂപയായി ഉയർത്തിയിട്ടുണ്ട്. ട്രോളിംഗ് നിരോധനം മൂലം ജോലി നഷ്ടപ്പെടുന്ന ബോട്ടിലെ ജീവനക്കാർക്കും അനുബന്ധ തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്. ഇതിനായി 20 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ട്രോളിംഗ് നിരോധനം

107 (1812) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂൺ ഒന്നു മുതൽ ആരംഭിക്കുന്ന ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള നിലപാട് വ്യക്തമാക്കാമോ ;

(ബി) ഇക്കാലയളവിൽ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ 10-4-2015-ലെ 30035/15/971/FY(T – I) Vol IV നമ്പർ ഉത്തരവ് പ്രകാരം പടിഞ്ഞാറൻ മേഖലയിൽ ടെറിട്ടോറിയൽ വാട്ടേഴ്സിന് പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് (12nm – 200nm) (EEZ) ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിനോടൊപ്പം കേന്ദ്ര സർക്കാർ പുറത്തിറക്കിയ മെമ്മോറാണ്ടം പ്രകാരം നിലവിൽ 61 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്താത്ത സംസ്ഥാനങ്ങൾ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് പരിശോധിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2015 വർഷം കേരളാ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly